(ഡി) പണം നൽകി കബളിപ്പിക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തുക തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജിസ ഇന്റർനാഷണൽ പോർ കൺസൾട്ടൻസി സർവ്വീസ് എന്ന സ്ഥാപനത്തിൽ ജോലിക്ക് പണം നൽകിയവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ കളമശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം 202/09 തീയതി 1-2-2009 യു/എസ് 420 & 34, ക്രൈം 223/09 തീയതി 8-2-2009 യു/എസ് 420 & 34 ഐ.പി.സി., ക്രൈം 339/09 തീയതി 1-3-2009 യു/എസ് 420 & 34 ഐ.പി.സി., ക്രൈം 348/09 തീയതി 4-3-2009 യു/എസ് 420 & 34 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതും, അന്വേഷണ മദ്ധ്യേ ആലുവ ജൂഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-2 മുമ്പാകെ കീഴടങ്ങിയ പ്രതികളെ ചോദ്യം ചെയ്തിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ട് ഈ കേസിലെ പരാതിക്കാർ ചേർന്ന് രൂപീകരിച്ച ജിസ ആക്ഷൻ കൗൺസിൽ ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഡബ്ല്യു.പി.സി 10573/09-ൽ കളമശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മേൽ നമ്പർ കേസുകൾ സി.ബി.ഐ.-ക്ക് കൈമാറുന്നതിന് ബഹു. കേരള സർക്കാരിന് തടസ്സമില്ലെന്ന് അറിയിക്കുകയും ബഹു. കോടതി ഗവൺമെന്റ് തീരുമാനം രേഖപ്പെടുത്തി മേൽ നമ്പർ ഡബ്ല്യു.പി.സി തീർപ്പാക്കിയിട്ടുള്ളതുമാണ്. ഇതിനെ തുടർന്ന് ബഹു. കേരള സർക്കാർ ടി കേസുകൾ സി.ബി.ഐ.-ക്ക് കൈമാറുന്നതിന് ജി.ഒ. (എംഎസ്.) നമ്പർ 94/2010/പോം തീയതി 23-4-2010 പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

(ബി) നാളിതുവരെ സി.ബി.ഐ. ടി കേസുകൾ ഏറ്റെടുത്തിട്ടില്ല.

(സി) കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകുകയും തുടർന്ന് ഹൈക്കോടതി നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനത്തിനെതിരെ സി.ബി.ഐ. അന്വേഷണം ഉത്തരവായിട്ടുമുണ്ട്.

(ഡി) പ്രതികൾ ചെയ്തതായി ആരോപിക്കുന്ന കുറ്റങ്ങളുടെ പേരിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വിദേശത്തുവച്ച് അപകടമരണമടയുന്നവരുടെ ആശ്രിതർക്ക് സഹായം

36 (2512) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്തുവച്ച് അപകട മരണമടയുന്നവരുടെ ആശ്രിതർക്ക് എന്ത് സഹായങ്ങളാണ് നൽകിവരുന്നത് ;

(ബി) അപകടമരണത്തിൽപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം എത്രയാണെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നാട്ടിൽ അപകടമരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന സഹായം എത്രയാണ് ?

ഉത്തരം

(എ) വിദേശത്തുവച്ച് അപകടമരണമടയുന്നവരുടെ ആശ്രിതർക്കായി സാന്ത്വന എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്, പ്രവാസി കാരുണ്യം, പ്രവാസി തിരിച്ചറിയൽ കാർഡ് അടിസ്ഥാനമാക്കി ഇൻഷ്വറൻസ് പരിരക്ഷ എന്നീ പദ്ധതികളിൽ കീഴിൽ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഇതുകൂടാതെ പ്രവാസി ക്ഷേമനിധി ബോർഡും വിവിധ സഹായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി & സി) സാന്ത്വന :- വിദേശത്തുവച്ചോ നാട്ടിൽ വച്ചോ അപകടമരണം സംഭവിക്കുന്ന പ്രവാസികളുടെ ആശ്രിതർക്ക് നിബന്ധനകൾക്ക് അനുസൃതമായി സാന്ത്വനപദ്ധതി പ്രകാരം പരമാവധി 10,000 രൂപ വരെ സഹായം നൽകിവരുന്നുണ്ട്. വാർഷിക വരുമാനം 25,000 രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിശ്ചിത പ്രവാസികാലയളവുള്ള തിരികെ വന്ന പ്രവാസികളുടെ കുടുംബാംഗങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി അർഹരായ പ്രവാസി കുടുംബാംഗങ്ങളെ കണ്ടെത്തിയാണ് ധനസഹായം നൽകിവരുന്നത്.

എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് :- കടുത്ത സാമ്പത്തിക പരാധീനതയുള്ള കേസുകളിൽ എമർജൻസി റിപ്പാട്രിയേഷൻ ഫണ്ടിൽ നിന്നും ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനായി ധനസഹായം നൽകാറുണ്ട്.

പ്രവർമാൻഫണ്ട് :- തിരികെ വന്ന നിർദ്ധനരായ പ്രവാസികളുടെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് പ്രവർമാൻഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെ നാട്ടിൽ വന്ന് സ്ഥിര താമസമാക്കിയവർക്ക് മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത് കുടുംബവാർഷികവരുമാനം 25,000 രൂപയിൽ അധികരിക്കാത്ത അപേക്ഷകർക്ക് പരമാവധി 10,000 രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്.

കാരുണ്യം

വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടു വരുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്തോ മറ്റു നാടുകളിലോ നിയമാനുസൃതം ജോലി ചെയ്തിരുന്ന പ്രവാസികളിൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ ബന്ധുക്കൾക്ക് മാത്രമാണ് ഈ ധനസഹായം ലഭ്യമാക്കുന്നത്. ഈ ആവശ്യത്തിലേക്ക് പരമാവധി 50,000 രൂപയും അന്യ സംസ്ഥാനങ്ങളിൽ മരണമടയുന്നവരുടെ മൃതശരീരം കൊണ്ടുവരുന്നതിന് പരമാവധി 10,000 രൂപയുമാണ് ധനസഹായം.

LIBRARY ARCHIVES Kerala Legislative Assembly

പ്രവാസി തിരിച്ചറിയൽ കാർഡ്

വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസി മലയാളികൾക്കായി നോർക്ക റൂട്ട്സ് തിരിച്ചറിയൽ കാർഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആറു മാസത്തിലധികമായി വിദേശത്ത് ജോലി ചെയ്യുന്നവർക്ക് തിരിച്ചറിയൽ കാർഡിനായി അപേക്ഷിക്കാം. പ്രസ്തുത തിരിച്ചറിയൽ കാർഡുടമകൾക്ക് അപകടംമൂലം നാട്ടിൽ വച്ചോ വിദേശത്ത് വച്ചോ മരണം സംഭവിക്കുകയാണെങ്കിൽ ഒരു ലക്ഷം രൂപ വരെ ധനസഹായം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രവാസികളായ കേരളീയർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

37 (2513) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളായ കേരളീയർക്ക് വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനുള്ള മാദണ്ഡങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ & ബി) പ്രവാസികളായ ഇന്ത്യാക്കാർക്ക് വോട്ടവകാശം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് 1950-ലെ ജനപ്രാതിനിധ്യ നിയമം സെക്ഷൻ 20 എ ഭേദഗതി വരുത്തി നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പിൽ വരുത്തുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ 678/ഇഎൽ2/2011/ഇഎൽഇസി, തീയതി 18-2-2011 പ്രകാരം കേരളത്തിൽ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്നവർ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനായി അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ടോ തപാൽ മുഖേനയോ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ഫോറം 6 എ-യിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തപാൽ മുഖേന അയക്കുന്നവർ അപേക്ഷയോടൊപ്പം എംബസി സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ടിന്റെയും വിസയുടേയും പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. നേരിട്ട് സമർപ്പിക്കുന്നവർ അപേക്ഷ സമർപ്പിക്കുമ്പോൾ അസ്സൽ പാസ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ചീഫ് ഇലക്ട്രറൽ ഓഫീസറുടെ വെബ്സൈറ്റിൽ ലഭ്യമാണ് (ceo.kerala.gov.in).

സി-ഡിറ്റിലെ ജീവനക്കാരനെ ലാ ആഫീസർ ആക്കിയത് സംബന്ധിച്ച ആരോപണങ്ങൾ

38 (2514) ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരനായ ബി. സതീശനെ തസ്തിക പുനർനാമകരണം ചെയ്ത് ലാ ആഫീസർ ആക്കിയ നടപടി ജി.ഒ.(എംഎസ്.)6/2010/ഐ & പി.ആർ.ഡി. തീയതി 8-9-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly